# അക്കാദമിക മാസ്റ്റർ പ്ലാൻ

ഗവ. ഹൈസ്കൂൾ

ജഗതി

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള രചനാ ശിൽപ്പശാലകൾ നടത്തുന്നു.
- തിയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കണ്ണെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കണ്ടെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കണ്ടെടുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

വിഷയം : മലയാളം

വാഭാഗം : യു. പി.

പ്രധാന ലക്ഷ്യങ്ങൾ :- എല്ലാ കുട്ടികളും മലയാളം എഴുതുന്നതിനും വായിക്കുന്നതിനും സ്വന്തമായി കഥയും കവിതയും നിർമ്മിക്കുന്നതിനും വായനാക്കുറിപ്പ് തയ്യാറാക്കുന്നതിനും പ്രാപ്തി നേടുന്നു.

| ക്രമ നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | സംഘടനാ ചുമതല | ഫണ്ടിംഗ് |
|---|---|---|---|---|---|
| 1. | **വായന/ലേഖനം** അക്ഷരം പരിചയപ്പെടൽ | കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു. അക്ഷരവൃക്ഷം (സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ) അക്ഷര കാർഡുകൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുന്നു. വാക്കുകൾ എഴുതുന്നു. | ഒരു മാസം | മലയാളം അധ്യാപകർ | |
| 2. | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | അക്ഷരകാർഡുകൾ, ചിഹ്നങ്ങൾ എഴുതിയ കാർഡുകൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുന്നു. ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനായി ചിഹ്നം ചേർക്കാതെ പരമാവധി വാക്കുകൾ (കൂട്ടക്ഷരം വരുന്ന ഉൾപ്പെടെ) നൽകുന്നു. സ്വന്തമായി എഴുത്ത് വായന | രണ്ടു മാസം | മലയാളം അധ്യാപിക | |
| 3. | വാക്യങ്ങൾ എഴുതുന്നു. | കാർഡുകളി വാക്കുകൾ എഴുതിയ കാർഡുകൾ നൽകി വാക്യനിർമ്മാണം - എഴുത്ത് - വായന. പരിചിതമായ കവിത - കേൾപ്പിക്കുന്നു. ചിഹ്നങ്ങൾ ഒഴിവാക്കി നൽകിയ കവിതയെ ചിഹ്നങ്ങൾ ചേർത്തെഴുതുന്നു. (കവിതയെ സുന്ദരിയാക്കാം) അടയാളങ്ങൾ ഉറപ്പിക്കാനുതകുന്ന പ്രവർത്തനം. | ഒരു മാസം | മലയാളം അധ്യാപികർ | |
| 4. | സ്വന്തമായി വാക്യങ്ങൾ നിർമ്മിക്കുന്നു. വിവരണം തയ്യാറാക്കുന്നു. | പരിചിതമായ സന്ദർഭങ്ങൾ നൽകി വിവരണം - പൂന്തോട്ടം, സ്കൂൾ, സ്വയം പരിചയപ്പെടുത്തൽ, ഇഷ്ടമുള്ള വിഷയത്തെക്കുറിച്ച് 5 വാക്യങ്ങൾ എഴുതുക. | ഒരുമാസം | മലയാളം അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 5. | വായന - വായനാക്കുറിപ്പ് തയ്യാറാക്കൽ | സ്കൂൾ ലൈബ്രറിയിൽ നിന്ന് കൊച്ചുകഥാപുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായനക്കായി നൽകുന്നു. ചിത്രകഥകൾ ... വായിച്ചവ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു. വായിച്ച പുസ്തകത്തിലെ കഥ പറയുന്നു. വായനാക്കുറിപ്പ് തയ്യാറാക്കൽ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. കുറിപ്പ് പ്രദർശനം | 2 മാസം | സ്കൂൾ ലൈബ്രറി ചാർജ്ജുള്ള അധ്യാപകൻ മലയാളം ടീച്ചർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം  എച്ച്.എസ്. വിഭാഗം

ലക്ഷ്യങ്ങൾ:

- മറ്റുള്ളവർക്ക് മനസ്സിലാകും വിധം ശുദ്ധവും സ്പഷ്ടവുമായി ശ്രാവ്യവായന നടത്തൽ
- വായനയുടെ വിവധ തലങ്ങൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ദ്ധ്യം നേടുക.
- വായനാസാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക.
- കേട്ടു മനസ്സിലാക്കൽ
- വായിച്ച് ആശയം ഗ്രഹിക്കൽ
- ആശയപ്രകാശനം ഫലപ്രദമാക്കുന്നതിനനുജനു രചനാ തന്ത്രങ്ങൾ പരിചയപ്പെടൽ
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.
- രചനകളുടെ അർത്ഥതലങ്ങൾ വ്യാഖ്യാനിക്കൽ
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.
- വായനക്കുറിപ്പ് തയ്യാറാക്കുന്നു.
- ചുമർ മാഗസിൻ, ക്ലാസ് മാഗസിൻ എന്നിവ തയ്യാറാക്കുന്നു.
- മഹത് വചനങ്ങൾ പരിചയപ്പെടുത്തുന്നു.
- ഭാഷയുമായി ബന്ധപ്പെട്ട C.D, ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- അസംബ്ലിയിലും ക്ലാസിലും നിത്യവും പത്രവായനയും വിശകലനവും
- പത്രവാർത്തകളെ അടിസ്ഥാനമാക്കി പത്രക്വിസ്
- പുസ്തക പരിചയം
- സ്വതന്ത്രമായി സാഹിത്യരചന നിർവ്വഹിക്കൽ

| ക്രമ നം. | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. | വായനയിൽ വൈദഗ്ദ്ധ്യം നേടുക.<br>• ക്ലാസ് ലൈബ്രറി രൂപീകരിക്കുക.<br>• പത്രവായന, വിശകലനം | അക്കാദമിക വർഷം മുഴുവൻ | ലൈബ്രറി | |

| ക്രമ നം. | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. | • പത്രവാർത്തയെ അടിസ്ഥാനമാക്കി ക്വിസ്<br>• പുസ്തക വായന<br>• പുസ്തകാസ്വാദനം<br>• വായനാനുഭവം പങ്കുവ്യക്കൽ<br>• വായനാക്കുറിപ്പ് - പതിപ്പ്<br>• വായന മത്സരം<br>• ദിനാചരണങ്ങൾ<br>• ഇ - വായന | അക്കാദമിക വർഷം മുഴുവൻ | | |
| 2. | **എഴുത്തിൽ വൈദഗ്ദ്ധ്യം നേടുക**<br>• ക്ലാസ് ലൈബ്രറി<br>• ആസ്വാദനക്കുറിപ്പ്<br>• വായക്കുറിപ്പ്<br>• പുസ്തക പരിചയം<br>• ക്ലാസ് മാഗസിൻ<br>• ചുമർ മാഗസിൻ<br>• സാഹിത്യകാരന്മാരെക്കുറിച്ച് ജീവചരിത്രക്കുറിപ്പ് | അക്കാദമിക വർഷം മുഴുവൻ | ലൈബ്രറി | |
| | | | | |

| | | | | |
|---|---|---|---|---|
| 3. | **സ്വതന്ത്രരചനകളിൽ ഏർപ്പെടുക**<br>• വ്യക്തിഗത രചന<br>• സംഘരചന<br>• സ്വതന്ത്രമായി പൊതുവേദികളിൽ സംസാരിക്കാനും സ്വന്തം രചനകൾ അവതരിപ്പിക്കാനും കഴിയുന്നു. | അക്കാദമിക വർഷം മുഴുവൻ | | |

വിഷയം - ഇംഗ്ലീഷ്

വിഭാഗം - LP/UP

ലക്ഷ്യം - എല്ലാ കുട്ടികളും ഇംഗ്ലീഷിൽ തെറ്റുകൂടാതെ എഴുതുവാനും, വായിക്കുവാനും, സംസാരിക്കുവാനുമുള്ള കഴിവ് നേടുക.

| നം. | മേഖല | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | പ്രീ ടെസ്റ്റ് | വായിക്കാനും എഴുതുവാനുമുള്ള കഴിവ് പരിശോധിക്കൽ | ജൂൺ | അധ്യാപകൻ |
| 2. | വായന, എഴുത്ത് | വാക്കുകൾ എഴുതാനുള്ള കുട്ടിയുടെ കഴിവ് പരിശോധിക്കുക<br>ഭാഷ കേൾക്കാനും, വായിക്കാനുമുള്ള കഴിവ് പരിശോധിക്കുക | ജൂൺ, ജൂലൈ | അധ്യാപകൻ |
| 3. | Listening skill | കളികൾ, ആക്ഷൻ സോങ്, Hello English activities സംഭാഷണങ്ങൾ, ലഘുനാടകങ്ങൾ, കഥകൾ, ICT സാധ്യതകൾ ഇവ ഉപയോഗിച്ചുകൊണ്ട്. | ജൂൺ, ജൂലൈ | അധ്യാപകൻ<br>SRG/ക്ലാസ് ടീച്ചർ |
| 4. | Listening skill | 1) ചിത്രവായനയിലൂടെ നാമപദങ്ങളും ക്രിയാപദങ്ങളും കണ്ടെത്തുന്നു.<br>2) ലളിതമായ വാക്യങ്ങൾ ഉണ്ടാക്കുന്നു.<br>3) ചിത്രത്തെക്കുറിച്ച് ചെറുവിവരണം തയ്യാറാക്കുന്നു.<br>4) വളരുന്ന വാക്യങ്ങൾ Self introduction മുതലായവ.<br><br>Speech, book review, quiz, riddles, self introduction etc. | | ടീച്ചർ |
| 5. | Develop the creative speaking and writing, Reading skills | 1) News paper reading, Library books reading, books review reading news etc.<br>2) find words<br>3) collect and read past tense<br>4) rhyming words<br>5) describing words<br>6) TB activities | August, September, October | SRG/Teacher |
| 6. | Writing skills | 1) Make word web.<br>2) picture description and describing words.<br>3) word chain, sentence chain<br>4) Add more lines. | | Teacher |
| 7. | Reading (UP) to express thoughts feelings etc. | 1) Reading of news paper, library books, books review etc.<br>2) conversation, skit, stories Use ICT.<br>3) Read news | October, November | Teacher |

| | | | | |
|---|---|---|---|---|
| | | 4) develop stories<br>5) read notice | | |
| 8. | Writing skills (UP) | 1) Description<br>2) prepare notice<br>3) thoughts<br>Speech, quiz, riddles, make magazine, skit etc. | October, November | Teacher |
| 9. | Develop creative speaking and writing To express thoughts and feelings etc. | 1) News paper reading, library books<br>2) reads stories, read diaries, letters friends | December, January | Teacher/SRG |
| 10. | Writing skills | 1) writing diary, letter<br>2) Making announcement<br>3) description<br>4) Making notice<br>5) writing thoughts<br>And<br>Speech, quiz riddles, make magazine, skit etc. | January, February, March | |

# അക്കാദമിക മാസ്റ്റർപ്ലാൻ

**വിഷയം : ഹിന്ദി**

| ക്രമ നം. | പ്രവർത്തനം | ലക്ഷ്യങ്ങൾ | ചുമതല | കാലയളവ് |
|---|---|---|---|---|
| 1. | പ്രവർത്തനത്തിന്റെ പേര്:- മീഠിഹിന്ദി | എല്ലാ കുട്ടികളും ഹിന്ദി എഴുതുന്നതിനും, വായിക്കുന്നതിനും, കഥകൾ കവിതകൾ മുതലായവ വായിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നതിനും പ്രാപ്തി നേടുക. | | ജൂൺ-മാർച്ച് |
| 1. | പ്രീ-ടെസ്റ്റ് | കുട്ടികളുടെ നിലവാരം കണ്ടെത്തുന്നതിന് | | ജൂൺ, ജൂലൈ |
| 2. | അക്ഷരക്കാർഡുകൾ നൽകൽ | അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന് | | |
| 3. | വാക്കുകളുടെ ചാർട്ടുകൾ പ്രദർശിപ്പിക്കൽ | വാക്കുകൾ വായിക്കാനും, എഴുതാനുമുള്ള ശേഷി നേടുന്നതിന് | | |
| 4. | ചിഹ്നങ്ങൾ ചേർക്കാതെയുള്ള വാക്കുകളുടെ അക്ഷരക്കാർഡുകൾ, ഡിജിറ്റൽ സ്ലൈഡുകൾ മുതലായവ പ്രദർശിപ്പിക്കൽ | ➢ ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിന്<br>➢ തെറ്റു കൂടാതെ എഴുതാനുള്ള ശേഷി നേടാൻ<br>➢ വായനാശേഷി വളർത്താൻ<br>➢ സമാനപദങ്ങൾ നിർമ്മിക്കാൻ | | ആഗസ്റ്റ് |
| 5. | കൂട്ടരക്ഷരങ്ങൾ വരുന്ന വായനാക്കാർഡുകൾ | ➢ കൂട്ടക്ഷരങ്ങൾ പരിചയപ്പെടാൻ<br>➢ പാഠപുസ്തകങ്ങളിൽ നിന്നും കൂട്ടക്ഷരങ്ങളുള്ള | | ആഗസ്റ്റ് തുടർച്ച |

| | | | | |
|---|---|---|---|---|
| | നൽകുന്നു. | വാക്കുകൾ കണ്ടെത്താൻ | | |
| 6. | വാക്കുകൾ എഴുതിയ കാർഡുകൾ നൽകുന്നു | | | |

വിഷയം : സോഷ്യൽ സയൻസ്

വാഭാഗം : യു. പി.

ലക്ഷ്യങ്ങൾ : പൊതുവിഞ്ജാനം വർദ്ധിപ്പിക്കുക, ഭൂപടവായനയിലൂടെ സംസ്ഥാനം, രാജ്യം, വൻകരകൾ, സമുദ്രങ്ങൾ പരിചയപ്പെടുന്നു.

| ക്രമ നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | സംഘടനാ ചുമതല |
|---|---|---|---|---|
| 1. | ഭൂപടവായന. കേരളത്തിലെ ജില്ലകൾ പരിചയപ്പെടുന്നു. | ജില്ലകൾ പട്ടികപ്പെടുത്തുന്നു. ക്രമത്തിൽ എഴുതുന്നു (തെക്ക് നിന്ന് വടക്കോട്ട്) കേരള ഭൂപടത്തിൽ ജില്ലകളുടെ സ്ഥാനം കണ്ടെത്തുന്നു. ജിഗ്സോ മാപ്പ് ഉപയോഗിച്ച് ജില്ലകൾ യഥാസ്ഥാനത്ത് വച്ച് ഭൂപടം പൂർത്തിയാക്കുന്നു. ജില്ലാ പാട്ട്- പാടാൻ, കേൾക്കാൻ അവസരം. | ഒരു മാസം | സാമൂഹ്യ ശാസ്ത്ര ആധ്യാപകർ |
| 2. | മാപ്പ് നിർമ്മാണം | റഫറൻസ് പുസ്തകങ്ങൾ ഉപയോഗിച്ച് ഗ്രൂപ്പുകളിൽ ജില്ലകളുടെ സവിശേഷതകൾ കണ്ടെത്താനുള്ള പ്രവർത്തനം- (ചെറുത്, വലുത് തീരദേശമുള്ളത്...) കുറിപ്പ് തയ്യാറാക്കൽ- അവതരണം- പരസ്പരം വിലയിരുത്തൽ. മാപ്പ് വരച്ച് ജില്ലകൾ അടയാളപ്പെടുത്തുന്നു. മാപ്പ് നിർമ്മാണം. | രണ്ടുമാസം | സാമൂഹ്യ ശാസ്ത്ര ആധ്യാപകർ |
| 3. | ഭൂപട വായന സംസ്ഥാനങ്ങളുടെ പേര്-തലസ്ഥാനം | ഇന്ത്യയുടെ ഭൂപടത്തിൽ സംസ്ഥാനങ്ങൾ കണ്ടെത്തുന്നു- പട്ടികപ്പെടുത്തുന്നു. തലസ്ഥാനങ്ങൾ രേഖപ്പെടുത്തുന്നു. | ഒരു മാസം | സാമൂഹ്യ ശാസ്ത്ര ആധ്യാപകർ |
| 4. | ഭൂപട രചന | ഇന്ത്യയുടെ മാപ്പ് വരച്ച് സംസ്ഥാനങ്ങൾ അടയാളപ്പെടുത്തുന്നു. | ഒരു മാസം | സാമൂഹ്യ ശാസ്ത്ര ആധ്യാപകർ |
| 5. | ഭൂപട നിർമ്മാണം | മഞ്ചാടിക്കുരു, മുത്ത് തുടങ്ങി വിവിധ വസ്തുക്കൾ ഉപയോഗിച്ച് ഇന്ത്യയുടെ ഭൂപടം നിർമ്മിക്കുന്നു. | ഒരു മാസം | " |
| 6. | ഭൂപട വായന സംസ്ഥാനങ്ങളെ പരിചയപ്പെടുന്നു. | സംസ്ഥാനം-തലസ്ഥാനം- ഭാഷ, പട്ടികപ്പെടുത്തൽ ICT-റഫറൻസ് പുസ്തകങ്ങൾ ഉപയോഗിച്ച് ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതകൾ മനസ്സിലാക്കുന്നു. കുറിപ്പ് തയ്യാറാക്കുന്നു. | ഒരുമാസം | SS അധ്യാപകർ, ICT അധ്യാപകർ |

| | | | | |
|---|---|---|---|---|
| 7. | ലോകഭൂപട വായന | ലോകഭൂപടം, ഗ്ലോബ്, അറ്റ്ലസ് പരിചയപ്പെടുത്തുന്നു വൻകരകൾ, സമുദ്രങ്ങൾ പ്രധാനപ്പെട്ട രാജ്യങ്ങൾ- സാമാന്യധാരണ നേടുന്നു. | ഒരു മാസം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 8. | പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം. | കുട്ടികൾ ചോദ്യോത്തരങ്ങൾ ശേഖരിക്കുന്നു. ഒരാഴ്ചയിൽ 10 ചോദ്യങ്ങൾ- ആഴ്ചാവസാനം ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ആവശ്യമായ സഹായങ്ങൾ അധ്യാപിക നൽകുന്നു. എല്ലാ മാസവും ഈ ചോദ്യങ്ങളിൽ നിന്ന് പ്രശ്നോത്തരി നടത്തുന്നു- ചോദ്യങ്ങളുടെ നിലവാരം ക്രമേണ വർദ്ധിപ്പിച്ച് ഉയർന്ന നിലവാരത്തിലെത്തുന്നു. വർഷം മുഴുവൻ നീളുന്ന പ്രവർത്തനം. | 9 മാസം | UP വിഭാഗം അധ്യാപകർ |

# അക്കാഡമിക്മാസ്റ്റർ പ്ലാൻ

## വിഷയം :സാമൂഹ്യശാസ്ത്രം

## എച്ച്.എസ്. വിഭാഗം -

ലക്ഷ്യങ്ങൾ :

- സാമൂഹ്യശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക.
- പഠനം കൂടുതൽ മികവുറ്റതും രസകരവുമാക്കുക.
- സാമൂഹ്യശാസ്ത്ര പഠനത്തചന്റ ലക്ഷ്യമാക്കിയിട്ടുള്ള എല്ലാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- സാമൂഹ്യശാസ്ത്ര വിശകലനശേഷി അന്വേഷണ പാടവം സാമുഹ്യചിന്ത, സാമൂഹ്യബോധം എന്നിവ എല്ലാ കുട്ടികളും ആർജ്ജിക്കുക
- സാമൂഹ്യശാസ്ത്രപഠനത്തിൽ ICT സാധ്യത ഉപയോഗിക്കുക.
- ശരിയായ രീതിയിലുള്ള മൂല്യങ്ങൾ, മനോഭാവങ്ങൾ, ചിന്തകൾ എന്നിവ വളർത്തുന്നതിന് സാമുഹ്യശാസ്ത്രപഠനം പ്രയോജനപ്പെടുത്തുക.
- സാമൂഹ്യശാസ്ത്ര പഠന ശേഷി വികസിപ്പിക്കുക.
- അർഥപൂർണ്ണമായ ഭുപട വായന ക്രമീകരിക്കുന്നു.
- ടപാതുവിജ്ഞാനത്തിന് ഊന്നൽ നൽകുന്നു.
- മതേതര ജനാധിപത്യബോധം വികസിപ്പിക്കൽ
- ചരിത്രശേഷിപ്പുകൾ നശിപ്പിക്കാതെ, വരുമ തലമുറയ്ക്ക് കൈമാറുക.
- പ്രാചീന മധ്യ ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ തരം തിരിക്കുന്നു. പഠന വിധേയമാക്കുന്നു.
- പ്രദേശിക ചരിത്ര അവബോധം വളർത്തുക
- പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാക്കുന്നു.
- ക്ലബ് പ്രവർത്തനങ്ങളിലുടെ സാമൂഹിക അവബോധം വളർത്തുന്നു.
- ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസുത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

| Sl. No. | പ്രവർത്തനം/പദ്ധതികൾ | പ്രവർത്തനവിശകലനം/പ്രവർത്തന ഘട്ടങ്ങൾ | ചുമതല | ഭൗതികം | Remarks |
|---|---|---|---|---|---|
| 1. | സാമൂഹ്യ ശാസ്ത്രലാബ് | സാമൂഹ്യശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയവും മികവുറ്റതുമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സോഷ്യൽ സയൻസ് അദ്ധ്യാപകരുടെ കൂട്ടായ്മയിൽ സ്കൂളിലെ പര്യാപ്തമായ പഠന അനുഭവങ്ങളെയും പഠന സംവിധാനങ്ങളെയും കുറിച്ച് ചർച്ച നടത്തുന്നു.<br><br>മേഖല-ഉപമേഖല തരംതിരിക്കൽ, പ്രവർത്തന പാക്കേജ് തയ്യാറാക്കൽ, പ്രാദേശിക ഉറവിടങ്ങൾ ഉപയോഗിക്കൽ, ICT സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. ലാബിലേയ്ക്ക് ആവശ്യമായ വിഭവങ്ങൾ പട്ടികപ്പെടുത്തൽ [(1) ശേഖരിക്കേണ്ടവ (2) നിർമ്മേണ്ടവ (3) വാങ്ങേണ്ടവ] പഴയകാല നാണയങ്ങൾ, കറൻസികൾ എന്നിവ ശേഖരിക്കൽ | സ്ഥാപനമേധാവി<br>സാമൂഹ്യശാസ്ത്ര അധ്യാപകൻ,<br>PTA, SMC<br>പ്രാദേശിക ഭരണകൂടം | ക്ലാസ്മുറി<br>ICT | |
| 2. | ദിനചരിതം | ദിനാചരണങ്ങൾ ഒരു താൽക്കാലിക പ്രവർത്തനം മാത്രമായിത്തീരാതെ ഓരോ ദിവസത്തിന്റെയും ചരിത്ര പ്രാധാന്യം, ദിവസ പ്രത്യേകതകൾ, ചരിത്ര പരമായ സവിശേഷതകൾ എന്നിവ ദിനചരിതം എന്ന പരിപാടിയിൽ ഉൾപ്പെടുത്തി എല്ലാ ദിവസവും മുടങ്ങാതെ ചെയ്യുന്നു. | സോഷ്യൽ സയൻസ് അധ്യാപകൻ | | |
| 3. | പ്രാദേശിക പത്രം/പത്രം | പ്രാദേശിക വാർത്തകൾ ശേഖരിച്ച് പ്രാദേശിക കാര്യങ്ങൾ മനസ്സിലാക്കുന്നു. പ്രാദേശിക സാമൂഹിക പ്രാധാന്യമുള്ള കാര്യങ്ങൾ മനസ്സിലാക്കുന്നു. തയ്യാറാക്കിയ പത്രങ്ങൾ ലൈബ്രറിയിൽ റഫറൻസ് ആയി ഉപയോഗിക്കാം. | സോഷ്യൽ സയൻസ് അധ്യാപകൻ | പത്രങ്ങൾ മാഗസിൻ | |
| 4. | ക്ലാസ് ലൈബ്രറി/ വായനശാല | സാമൂഹ്യശാസ്ത്രവുമായി ബന്ധമുള്ള പുസ്തകങ്ങളുടെ ശേഖരണം, ചരിത്രകാരന്മാരുടെ ജീവചരിത്രം പുസ്തക ശേഖരണം. | സോഷ്യൽ സയൻസ് അധ്യാപകൻ | പൊതു ലൈബ്രറികൾ | |
| 5. | സോഷ്യൽ സയൻസ് ക്ലബ് | സാമൂഹ്യശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ദിനാചരണം, ഫീൽഡ് ട്രിപ്പ്, ബോധവത്കരണക്ലാസ്, സംവാദം, ചർച്ചകൾ, ക്വിസ് മത്സരങ്ങൾ, പതിപ്പ് തയ്യാറാക്കൽ, പോസ്റ്റർ തയ്യാറാക്കൽ കൊളാഷ്, മാഗസിൻ, ടാലന്റ് ലാബ്, ആനുകാലിക വിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തുക, (ഉപന്യാസ രചനാമത്സരം, നിമിഷ പ്രസംഗം) എന്നിവ നടത്തുന്നു. ചരിത്ര സ്മാരക സന്ദർശനം, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുക, റാലികൾ നടത്തുക, ലഹരിവിമുക്ത മനോഭാവം വളർത്തുന്ന ക്ലാസുകൾ നടത്തുക, സാമൂഹ്യ ശാസ്ത്ര ഫെസ്റ്റ്. | സോഷ്യൽ സയൻസ് അധ്യാപകൻ | | |
| 6. | ചരിത്രപ്രദർശനം/ ചിത്ര ഗ്യാലറി | പൗരാണിക പ്രാധാന്യമുള്ളതും, സംസ്കാര വൈവിധ്യമുള്ളതും ചരിത്ര പ്രാധാന്യമുള്ളതുമായ ആഘോഷങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ഉത്സവങ്ങൾ, എന്നിവയുടെ ചിത്രങ്ങൾ ശേഖരിക്കുന്നു. സ്വാതന്ത്ര്യ സമര പോരാളികൾ രാജാക്കന്മാർ, സാമൂഹ്യ പ്രാധാന്യമുള്ളവരുടെ ച്ത്രങ്ങൾ ശേഖരിക്കുകയും ക്രമീകരിക്കുകയും ചെയ്യുക. | സോഷ്യൽ സയൻസ് അധ്യാപകൻ | പത്രം, മാഗസിൻ, ചിത്രങ്ങൾ | |

| Sl. No. | പ്രവർത്തനം/പദ്ധതികൾ | പ്രവർത്തനവിശകലനം/പ്രവർത്തന ഘട്ടങ്ങൾ | ചുമതല | ഭൗതികം | Remarks |
|---|---|---|---|---|---|
| 7. | ടാലന്റ് ലാബ് | സാമൂഹ്യ ചരിത്ര പ്രാധാന്യമുള്ള വസ്തുതകളെ നിരീക്ഷിച്ച് പ്രസംഗം, സംവാദം, സെമിനാർ, നാടകം എന്നിവ അവതരിപ്പിക്കുന്നു. വിവധ തരത്തിൽ ഉള്ള കഴിവുകൾ പ്രകടിപ്പിക്കുന്നതിനും വളർത്തുന്നതിനും സഹായകമാകുന്നു. | | | |
| 8. | പ്രവർത്തനം / പദ്ധതികൾ<br>I.C.T മേഖല | I.C.T സാമൂഹ്യ ശാസ്ത്ര വിഷയവുമായി ബന്ധപ്പെടുത്തി എങ്ങനെ ഉപയോഗിക്കാം എന്ന് ചർച്ച നടത്തുന്നു. ഡിജിറ്റൽ ആൽബം, ഡോക്യുമെന്ററി പ്രദർശനം എന്നിവ തയ്യാറാക്കുകയും നടത്തുകയും ചെയ്യുന്നു.<br>ചരിത്രവുമായി ബന്ധപ്പെട്ട ഡിജിറ്റൽ പതിപ്പ് സാമ്പത്തിക ശാസ്ത്രം, ഭൂമിശാസ്ത്രം, പൊളിറ്റിക്കൽ സയൻസ് എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ഡിജിറ്റൽ (വാർത്തകൾ, ചിത്രങ്ങൾ, വിവരങ്ങൾ) ശേഖരിക്കുന്നു. അവ പിന്നീടുള്ള പഠനത്തിന് ഉപയോഗിക്കുന്നു.<br>ഭൂമിശാസ്ത്രപരമായ കേരളം / ഇന്ത്യലോകം എന്നിവയെക്കുറിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കുന്നതിന് ഡിജിറ്റൽ വിഭവങ്ങൾ ഉപയോഗിക്കുന്നു.<br>ചരിത്ര സിനിമ പ്രദർശനം. Natural Documentary പ്രദർശനം | സോഷ്യൽ സയൻസ് അദ്ധ്യാപകൻ | കമ്പ്യൂട്ടർ ലാബ് | |
| 9. | CWSN കുട്ടികളെ പരിഗണിക്കൽ | സാമൂഹ്യശാസ്ത്ര ലാബിൽ ക്രമീകരിച്ചിരിക്കുന്ന ചിത്രങ്ങളിലൂടെയും മോഡലുകളിലൂടെയും CWSN കുട്ടികൾക്ക് അറിവ് പകർന്ന് കൊടുക്കുന്നു.<br>I.C.T സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. ചിത്രങ്ങൾ, ചരിത്ര ഡോക്യുമെന്ററികൾ, ചരിത്ര സിനിമകൾ എന്നിവ പ്രദർശിപ്പിക്കുകയും കുട്ടിയുടെ ശാരീരിക - മാനസിക വെല്ലുവിളികളെ അവർക്ക് അതിജീവിക്കത്തക്ക രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | സോഷ്യൽ സയൻസ് അദ്ധ്യാപകൻ<br>CWSN കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപക/അദ്ധ്യാപകൻ | ഗാമൂഹ്യ ശാസ്ത്ര ലാബ്, കമ്പ്യൂട്ടർ ലാബ് | |
| 10. | Online Club/ കൂട്ടായ്മ | Online സംവിധാനങ്ങളെ (Youtube, facebook, Whatsapp) ഉപയോഗിച്ച് പ്രവർത്തനങ്ങളെ വൈവിധ്യവത്ക്കരിച്ച് പുറം ലോകമറിയത്തക്ക രീതിയിൽ പ്രവർത്തനങ്ങൾ ചെയ്യുക. | സോഷ്യൽ സയൻസ് അദ്ധ്യാപകൻ<br>S.R.G സ്ഥാപന മേധാവി | കമ്പ്യൂട്ടർ ലാബ് | |
| 11. | ഭൂപടപരിചയം | കേരളം - ഇന്ത്യ - ലോകം എന്നിവയുടെ ഭൂപടം പരിചയപ്പെടുന്നു. (ഭൂപ്രകൃതി, നദികൾ, സമുദ്രങ്ങൾ, കായലുകൾ, പുഴകൾ, വനങ്ങൾ, നഗരങ്ങൾ, ഗതാഗതരാജ്യങ്ങൾ, പർവ്വതങ്ങൾ, മരുഭൂമികൾ) തുടങ്ങിയ ഭൂസവിശേഷതകളെക്കുറിച്ച് മനസ്സിലാക്കുക. ഭൂപടത്തിൽ നോക്കി വായിക്കുകയും ചെയ്യുന്നു. ചാർട്ടുകൾ, പട്ടികകൾ, മാഗസിൻ എന്നിവ തയ്യാറാക്കുന്നു. ഭൂപട | സോഷ്യൽ സയൻസ് അദ്ധ്യാപകൻ | Atlas, Glob, I.C.T | |

| | | | | | |
|---|---|---|---|---|---|
| | | ത്തിൽ കൊടുത്തിരിക്കുന്ന ചിഹ്നങ്ങൾ, എഴുത്തുകൾ ഇവ ഉപയോഗിച്ച് ഭൂപടത്തിലെ കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കുന്നു. താരതമ്യക്കുറിപ്പ് തയ്യാറാക്കുന്നു. | | | |
| 12. | ഭൂപട നിർമ്മാണം | വിവിധ വസ്തുക്കൾ (മണ്ണ്, മണൽ, കക്ക, വളപ്പൊട്ട്, പെയിന്റ് etc...) ഉപയോഗിച്ച് ഭൂപട മാതൃക തയ്യാറാക്കുന്നു. ഇതിലൂടെ ഭൂപടത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവ കുട്ടികൾ മനസ്സിലാക്കുന്നു. | | | |
| 13. | വളരുന്ന സാമൂഹ്യ ശാസ്ത്രം പുസ്തകം | തയ്യാറാക്കിയ മാഗസിൻ, പത്രം, സെമിനാർ, പ്രബന്ധം, പോസ്റ്റർ, കൊളാഷ് എന്നിവയിൽ നിന്ന് ഏറ്റവും ആനുകാലിക പ്രസക്തവും, ഏറ്റവും പ്രാധാന്യമുള്ളവ തെരഞ്ഞെടുത്ത് സാമൂഹ്യ ശാസ്ത്ര പുസ്തകം തയ്യാറാക്കുന്നു. തുടർ പ്രവർത്തനങ്ങളിലൂടെ കൂടുതൽ വിവരങ്ങൾ കൂട്ടിച്ചേർത്ത് ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്നു. | | | |
| 14. | Time Line | ചരിത്ര സംഭവങ്ങളെ കാലഗണനക്രമത്തിൽ പട്ടിക തയ്യാറാക്കുന്നു. (ചാർട്ടിൽ തയ്യാറാക്കുന്നു) | | | |
| 15. | ഉദ്ധരണികൾ | ചരിത്രകാരന്മാരുടെ വാക്കുകൾ, സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ഉദ്ധരണികൾ, പ്രശസ്ത വ്യക്തികളുടെ വാക്കുകൾ എന്നിവ ക്ലാസ്മുറിയുടെ വെളിയിലോ, വാർത്താബോർഡിലോ പ്രദർശിപ്പിക്കുന്നു. ഇതിലൂടെ കുട്ടികൾക്ക് പ്രചോദനപ്രദമാകുന്ന പ്രശസ്തരുടെ വാക്കുകൾ മനസ്സിലാക്കാൻ കഴിയുന്നു. | സോഷ്യൽ സയൻസ് അദ്ധ്യാപകൻ | | |

# അക്കാഡമിക്മാസ്റ്റർ പ്ലാൻ

വിഷയം : സയൻസ്

ഗവ. എച്ച്.എസ്. ജഗതി, തിരുവനന്തപുരം

| ം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് 2022-2023 |
|---|---|---|---|---|
| . | ശാസ്ത്രകൗതുകം, ജിഞ്ജാസ നിരീക്ഷണപാടവം, ശാസ്ത്രീയചിന്ത എന്നിവ പരിപോഷിപ്പിക്കുക | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട (ഫിസിക്സ്) സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പുത്തൻ ആശയങ്ങൾ കണ്ടെത്താൻ കുട്ടികൾക്ക് പ്രോത്സാഹനം നൽകുക.<br><br>ലഘു പരീക്ഷണങ്ങളിലൂടെകുട്ടികൾ തന്നെ സഹപാഠികളിലേയ്ക്ക്ശാസ്ത്ര തത്വങ്ങൾ എത്തിയ്ക്കാൻ സഹായിക്കുക.<br><br>ക്ലാസുകളിൽശാസ്ത്ര ലൈബ്രറിശാസ്ത്രമാസികഎന്നിവലഭ്യമാക്കുക.<br><br>വർഷത്തിൽഒരു പ്രാവശ്യംകുട്ടികൾ നിർമ്മിച്ച ശാസ്ത്ര വസ്തുക്കൾ പ്രദർശനത്തിന് വയ്ക്കുക. | സയൻസ് അധ്യാപകൻ<br><br>സയൻസ് അധ്യാപകൻ | |
| 2. | **ശാസ്ത്ര ലോകത്തേയ്ക്ക്** നിരന്തരമായി അന്വേഷണം നടത്തുകയുംലഭിച്ച വിവരങ്ങൾ ക്രോഡീകരിക്കുവാനുള്ളശേഷികൈവരിക്കൽ | ക്ലാസുകളിൽ ചർച്ചകളുംസെമിനാർ പേപ്പറുകളും അവതരിപ്പിക്കുകയുംഅതിൽമെച്ചപ്പെട്ടത് പൊതുവേദികളിൽഅല്ലെങ്കിൽസ്കൂൾഅസംബ്ലിയിൽ അവതരിപ്പിക്കുവാനും അനുവാദം നൽകണം.<br><br>ശാസ്ത്ര ശിൽപ്പശാലകൾസംഘടിപ്പിക്കുക.<br><br>ശാസ്ത്രനാടക സ്കിറ്റ് ക്ലാസ്സിൽതയ്യാറാക്കുക. കുട്ടികളെക്കൊണ്ട്ശാസ്ത്ര നാടകങ്ങൾ അവതരിപ്പിക്കുക. | സയൻസ് അധ്യാപകൻ<br><br>സയൻസ് ക്ലബ് | |
| 3. | സയൻസ് ക്ലബുകളുടെ പ്രവർത്തനം | ഗയൻസ് ക്ലബിന്റെ പ്രവർത്തനം തുടങ്ങുക. അറിയപ്പെടുന്ന ശാസ്ത്ര പ്രചാരകരെ പങ്കെടുപ്പിച്ച്കുട്ടികൾക്ക്ശാസ്ത്ര അവബോധം വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുക.<br><br>പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം നടത്തുക. ക്ലാസ്സുകളിൽലഘുപ്രോജക്റ്റ്കോടുത്തുമെച്ചപ്പെട്ടത് സയൻസ് ക്ലബ് മീറ്റിംഗിൽ അവതരിപ്പിക്കുക.<br><br>ശാസ്ത്ര ശിൽപ്പശാലകൾ നടത്തുക.<br><br>സാധ്യതകൾ പ്രയോജനപ്പെടുത്തി പ്രസന്റേഷൻ നിർമ്മിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. | സയൻസ് അധ്യാപകൻ<br><br>സയൻസ് ക്ലബ് | |

| o. | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് 2022-2023 |
|---|---|---|---|---|
| 1. | ഹൈടെക്ക്‌വേൾഡ് | മാനവികതയിൽഊന്നിയുള്ളശാസ്ത്രബോധം വളർത്താൻ ഹൈടെക്ക് പ്രവർത്തനങ്ങൾക്ക്സഹായം നൽകുക. സോഷ്യൽമീഡിയയുമായി ബന്ധപ്പെട്ട യൂട്യൂബ്‌വീഡിയോകളുമായി സയൻസ് പ്രചാരം നടത്താൻ ഉപയോഗിക്കുക | സയൻസ് അധ്യാപകൻ | |
| 5. | പരിസ്ഥിതിസൗഹൃദ മനോഭാവംകുട്ടികളിൽവളർത്തുക | കുട്ടികളുടെആരോഗ്യരേഖതയ്യാറാക്കുക. പതിസ്ഥിതിയുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുക. ഊർജ്ജസംരക്ഷണനിയമങ്ങൾ കുട്ടികളിൽഎത്തിക്കുക. അനാവശ്യമായിഊർജ്ജം പാഴാക്കുന്നത് ഒഴിവാക്കാനുള്ള പ്ലാൻ തയ്യാറാക്കുക. | സയൻസ് അധ്യാപകർ& സയൻസ് ക്ലബ്അംഗങ്ങൾ | |
| 5. | നേരറിവ് നേടൽ | ഔഷധത്തോട്ടംസ്കൂളിൽവച്ചുപിടിപ്പിക്കൽ, തണൽ വൃക്ഷംവച്ച് പിടിപ്പിക്കൽ, പട്ടക്കറിത്തോട്ടംവച്ച് പിടിപ്പിക്കൽ- സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസാക്കാൻ ശ്രമിക്കൽ തുടങ്ങിയവ പ്രോത്സാഹിപ്പിക്കണം. | സയൻസ് അധ്യാപകർ& ക്ലാസ്‌ലീഡേഴ്സ് | |
| 7. | പുത്തൻ സാങ്കേതികവിദ്യ കണ്ടെത്തൽ | പുത്തൻ കണ്ടെത്തലുകൾ ക്ലാസ്സിൽ പരിചയപ്പെടുത്തുന്നു. ശാസ്ത്രമേളകളുടെ പ്രോജക്റ്റുമായിഅതിനെ ബന്ധിപ്പിക്കുന്നു. കാസ്ത്രകാരന്മാരുമായിസംവാദംസംഘടിപ്പിക്കൽ. | സയൻസ് അധ്യാപകൻ | |
| 3. | അന്ധവിശ്വാസങ്ങൾക്കെതിരെ പ്രചാരണം നടത്തൽ | ഗമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങൾക്കെതിരെശാസ്ത്രീയകാരണങ്ങൾ നിരത്തി പ്രതികരിക്കാൻ ശേഷിയുള്ളകുട്ടികളായിവളർത്തുക. | സയൻസ് അധ്യാപകൻ | |
| ). | കാസ്ത്രചരിത്ര അവബോധം വളർത്തുക | ശാസ്ത്ര പോസ്റ്ററുകൾ സ്കൂളിലുംവീടുകളിലുംസ്ഥാപിക്കുക. പ്രധാനപ്പെട്ട ശാസ്ത്രജ്ഞന്മാരുടെജീവചരിത്രംവായിക്കാനുള്ള അവസരംഉണ്ടാക്കുക. | സയൻസ് അധ്യാപകൻ | |
| 0. | ശാസ്ത്രവായന വളർത്തുക | ആുറീക്ക, ശാസ്ത്രലോകംതുടങ്ങിയമാസികകൾ സ്കൂളിൽ ലഭ്യമാക്കുക. | | |

വിഷയം : ഗണിതം

പ്രധാന ലക്ഷ്യങ്ങൾ :- ഗണിതത്തെ കുടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കുവാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായുള്ള ഗണിത വിജയം, ഉല്ലാസ ഗണിതം എന്നിവ നടപ്പിലാക്കുക

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | സംഘടനാ ചുമതല | ഫണ്ടിംഗ് |
|---|---|---|---|---|
| ICT | • ഗണിത പഠനം ലളിതവും രസകരവും ആക്കുക<br>• വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.<br>• സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിതപഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുക.<br>• രക്ഷിതാക്കളുടെ പിൻതുണ ഗണിത പഠനത്തിൽ ഉറപ്പുവരുത്തുക. | | ഗണിത അദ്ധ്യാപകൻ | |
| ജ്യാമിതീയ രൂപങ്ങൾ | • ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു | | | |
| സംഖ്യാ പാറ്റേൺ | • സംഖ്യാ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു. ഗുണനപട്ടിക ഉപയോഗം തിരിച്ചറിയുന്നു | | | |
| ചതുഷ്ക്രിയ | • ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു<br>• പ്രശ്ന പരിഹാരം, പ്രായോഗിക പ്രശ്ന പരിഹാരത്തിന് മുൻഗണന | | ഗണിത അദ്ധ്യാപകൻ | |
| ഗണിതം ദൈനംദിന ജീവിതത്തിൽ | • ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ സഹായകരമാകുന്നുവെന്ന് കുട്ടികൾ തിരിച്ചറിയുന്നു | | | |
| ഗണിത ആശയങ്ങൾ അപഗ്രഥിക്കാനുള്ള കഴിവ് | • വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കുവാനും വ്യാഖ്യാനിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു. | | ഗണിത അദ്ധ്യാപകൻ | |
| ഗണിത ആസ്വാദനം ഗണിതം വളരെ ശ്രദ്ധയോടും പ്രാധാന്യത്തോടും മനസ്സിലാക്കുവാൻ | • ഗണിതപാഠം ലളിതമാണെന്ന് തിരിച്ചറിഞ്ഞ് അത് ആസ്വദിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് കുട്ടിയെ വളർത്തുന്നു.<br>• കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകുന്നു. | | | |

| | | | | |
|---|---|---|---|---|
| ജ്യാമിതീയ രൂപങ്ങൾ<br><br>വർക്ക ഷീറ്റ് നിർമ്മാണം | • ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമ്മിക്കുന്നു.<br><br>• കുട്ടികൾ സ്വന്തമായി വർക്ക് ഷീറ്റുകൾ നിർമ്മിക്കുകയും ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.<br><br>• ഗണിത ആശയങ്ങൾ കുട്ടികളിലേയ്ക്ക് എത്തിച്ചേരുവാൻ പഠനോപകരണങ്ങൾക്ക് ഏറെ സാധ്യതയുള്ളതിനാൽ രക്ഷിതാക്കൾ കുട്ടികൾ BRC etc. തുടങ്ങിയവരുടെ സഹകരണത്തോടെ ഗണിതലാബ് ഒരുക്കി ഗണിതപഠനം എളുപ്പമാക്കുന്നു.<br><br>• സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം പ്രായോഗിക പ്രശ്ന പരിഹരണം എന്നിങ്ങനെയുള്ള പഠന നേട്ടങ്ങൾ ലക്ഷ്യമിട്ടുള്ള പ്രവർത്തനത്തിന് മുൻതൂക്കം നൽകുന്നു.<br><br>• ഗണിതത്തോട് ഇഴുകിച്ചേരാൻ മുത്തുകൾ, സ്മൈലിബോളുകൾ ബഹുവർണ ടോക്കണുകൾ ചിത്രകാർഡുകൾ സങ്കലന വ്യാഖ്യാന കാർഡുകൾ ഗെയിം ബോർഡുകൾ തുടങ്ങിയ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.<br><br>• സ്ഥാനവില പോക്കറ്റ് നിർമ്മാണം ജ്യാമിതീയരൂപങ്ങൾ പട്ടികപ്പെടുത്തൽ (നിത്യോപയോഗ സാധനങ്ങൾ) വർക്ക് ഷീററുകൾ നിർമ്മാണം സങ്കലന പട്ടിക പ്രദർശനം വിലവിവരപട്ടിക പ്രദർശനം, കേക്ക്, പപ്പടെ, ലഡു മുതലായവ നൽകി തുല്യമായി പങ്കുവയ്ക്കൽ, ജ്യാമിതീയ രൂപങ്ങൾ വരക്കൽ.<br><br>• സംഖ്യാകാർഡുകൾ ആവർത്തന വായന എഴുത്ത് അബാക്കസ് ചിത്ര സഹായത്തോടുള്ള പഠനം.<br><br>• പേപ്പർ കട്ടിംഗ്സ്, സംഖ്യാ കാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം, പത്തിന്റെ കൂട്ടമാക്കൽ കല്ല്, ഈർക്കിൽ, വളപ്പൊട്ടുകൾ മഞ്ചാടി... ഗ്രൂപ്പുകൾ കൂട്ടിച്ചേർന്ന് സങ്കലനം വ്യവകലനം, ഗുണനം, ഹരണം. | | ഗണിത അദ്ധ്യാപകൻ | |
| മട്ടത്തിന്റെ ഉപയോഗം ഗണിതത്തിൽ | • മട്ടകോണിന്റെയും മട്ടങ്ങളുടെയും ഉപയോഗംമനസ്സിലാക്കൽ കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിതരൂപങ്ങൾ പരിചയപ്പെടുത്തൽ. | | | |

| | | | | |
|---|---|---|---|---|
| ചാർട്ടുകൾ പാണ്ണേണുകൾ വഴിയുള്ള ഗണിത പഠനം<br><br>ഗണിതം ലളിതമാക്കുന്നത് | • സംഖ്യാ ചാർട്ടുകൾ, സൈഡ് സംഖ്യാസ്ലിപ്പുകൾ, സംഖ്യ കേളി സംഖ്യാമാല പദസൂര്യൻ ഇവയുടെ നിർമ്മാണം.<br><br>• പസ്സിൽ നിർമ്മാണം, ഗണിതകേളി കടയിൽ നിന്ന് സാധനങ്ങൾ വാങ്ങി കൂട്ടുവാനും കുറക്കുവാനുമുള്ള പരിശീലനം. | | | |
| | **വർക്ക് ഷീറ്റ് നിർമ്മിച്ച് പതിപ്പു തയ്യാറാക്കുന്നു.** | | | |
| | • ഗണിത കേളികൾ ക്ലാസ്സ് തലത്തിൽ ശിൽപശാല, ഗണിത ഗാനം കുട്ടിക്കവിതകൾ ശേഖരണം കണക്കിലെ കളികൾ ശേഖരണം, ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം, ചതുരം, സംചതുരം വൃത്തം, ത്രികോണം ഗണിതശാസ്ത്രജ്ഞന്മാർ അവരുടെ സംഭാവനകൾ<br>• സെമിനാർ, ഉപന്യാസ രചന, ക്വിസ്, ഗണിതോത്സവം എന്നിവ സംഘടിപ്പിക്കുന്നു. | | | |